# കേരളമുസ്ലീം സമൂഹത്തിന്റെ ആധുനീകരണവും മക്തിത്തങ്ങളും

**മുഹമ്മദ് ബഷീർ കെ.കെ**
അസിസ്റ്റന്റ് പ്രൊഫസർ, കെ.കെ.ടി.എം. ഗവ. കോളേജ്

ശ്രീ നാരായണഗുരുവും ചട്ടമ്പിസ്വാമികളും പണ്ഡിറ്റ് കറുപ്പനും പൊയ്കയിൽ അപ്പച്ചനും ഒക്കെച്ചേർന്ന കേരളീയ നവോത്ഥാനത്തിന്റെ വ്യത്യസ്തധാരകളിൽ മതിയായ ഇടംകിട്ടാതെപോയ നവോത്ഥാന നായകനാണ് 'സയ്യിദ്സനാവുല്ലാഹ് മക്തിസഖാഫ് തങ്ങൾ'.മതപരിഷ്കരണവും സാമൂഹ്യപരിഷ്കരണവും ജനാധിപത്യപരിഷ്കരണവും പൗരസ്വാതന്ത്ര്യബോധവും എല്ലാം ഉള്ളടങ്ങുന്ന നവോത്ഥാന പരികല്പനയ്ക്കകത്ത് കേരള മുസ്ലീങ്ങൾക്കിടയിൽനിന്ന് മതപരിഷ്കരണത്തിലൂടെയുള്ള സാമൂഹ്യപരിഷ്കരണത്തിന് ആദ്യമായി നേതൃത്വം നൽകിയ വ്യക്തി എന്ന നിലയിൽ മക്തിതങ്ങൾക്ക് സവിശേഷമായ സ്ഥാനം ഉണ്ട്.

ദാരിദ്ര്യം, തൊഴിലില്ലായ്മ, അജ്ഞത, അന്ധവിശ്വാസം എന്നിവ മൂലം കേരളത്തിന്റെ സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽനിന്ന് അരികുവത്കരിച്ച് പിന്നാക്കാവസ്ഥയിൽ നിലനിന്ന 19-ാം നൂറ്റാണ്ടിലെ മുസ്ലീം സാമൂഹിക സ്വത്വത്തിനു നേരെ ഉയർന്നു വന്ന വലിയ വെല്ലുവിളിയായിരുന്നു ബ്രിട്ടീഷ് സർക്കാരിന്റെ പരോക്ഷ പിന്തുണയോടെ ക്രിസ്ത്യൻപാതിരിമാർ നടത്തിയ മതപരിവർത്തന ശ്രമങ്ങൾ. സ്വമതാശയങ്ങൾ പ്രചരിപ്പിക്കുന്നതിലുപരി ഇതരമതങ്ങളേയും മതസ്ഥാപകരേയും അവരുടെ വേദഗ്രന്ഥങ്ങളേയും നിന്ദിച്ചും അപഹസിച്ചും ദുർവ്യാഖ്യാനം ചെയ്തും അവർ നടത്തിയ ഇടപെടലുകൾ ഒരു സമുദായമെന്ന നിലയിലുള്ള മുസ്ലീങ്ങളുടെ നിലനില്പിനെത്തന്നെ ബാധിച്ചിരുന്നു.

അക്ഷരാഭ്യാസമില്ലാതെയും മാതൃഭാഷയിൽ ശരിയായി ആശയവിനിമയം നടത്താനുള്ള ശേഷിയില്ലാതെയും മതദർശനങ്ങൾപോലും അശാസ്ത്രീയമായി അഭ്യസിച്ചതിനാൽ ഭാഗികമായി സ്വാംശീകരിച്ചിട്ടുള്ള മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം ക്രിസ്തുമത പ്രചാരണത്തെ പ്രതിരോധിക്കാൻ ആളുകൊണ്ടും ജ്ഞാനംകൊണ്ടും അർത്ഥംകൊണ്ടും ആരുമില്ലാത്ത സവിശേഷചരിത്രസന്ദർഭത്തിലാണ് മക്തിതങ്ങൾ ആ നിയോഗം ഏറ്റെടുക്കുന്നത്.

പൊന്നാനി താലൂക്കിലെ വെളിയങ്കോട്ടു പ്രദേശത്തിന്റെ സവിശേഷമായ സാംസ്കാരിക പൈതൃകം ആത്മവിശ്വാസത്തോടെ നേതൃനിരയിലേക്കുയരാൻ മക്തിത്തങ്ങളെ സഹായിച്ചു. പണ്ഡിതനും സാമൂഹ്യ പരിഷ്കർത്താവും ബ്രിട്ടീഷ് സർക്കാരിനെതിരെ നിയമലംഘനങ്ങളും ബഹിഷ്കരണങ്ങളും ഉൾപ്പെടെയുള്ള സമരങ്ങൾക്കു നേതൃത്വം നല്കിയ വെളിയങ്കോട് ഉമർഖാസിയുടെ ശിഷ്യനായിരുന്ന മക്തി തങ്ങളുടെ പിതാവ് സയ്യിദ് അഹമ്മദ് തങ്ങൾ. കുട്ടിക്കാലത്തുതന്നെ അറബിഭാഷ പഠിച്ചു. വെളിയങ്കോട്, മാറഞ്ചേരി, പൊന്നാനി എന്നിവിടങ്ങളിലെ പള്ളിദറസുകളിൽ നിന്നായിരുന്നു മതവിദ്യാഭ്യാസം. മലയാളം, അറബി ഭാഷകൾക്കു പുറമെ ഹിന്ദുസ്ഥാനി, പേർഷ്യൻ, തമിഴ്, ഇംഗ്ലീഷ് എന്നീ ഭാഷകളിലും അറിവുനേടി. ഇംഗ്ലീഷ് ഭാഷയിലെ അറിവു പരിഗണിച്ച് ബ്രിട്ടീഷ് സർക്കാർ മക്തിത്തങ്ങളെ ചെറുപ്പത്തിൽത്തന്നെ എക്സൈസ് ഇൻസ്പെക്ടറുടെ തസ്തികയിൽ നിയമിച്ചു. 1912-ൽ കൊച്ചിയിൽ തന്റെ 65 -ാം വയസ്സിലാണ് (1847-1912) തങ്ങൾ അന്തരിക്കുന്നത്. 1882-ൽ ബ്രിട്ടീഷ് സർക്കാരിന്റെ ജോലി രാജിവെച്ചുകൊണ്ട് മുപ്പതുവർഷം കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ച് ക്രിസ്തുമത പ്രചരണത്തെ പ്രതിരോധിക്കുകയും ഇസ്ലാം മതത്തെ പരിഷ്കരിച്ചു കൊണ്ട് കേരളമുസ്ലീങ്ങളെ ആധുനികീകരിക്കാൻ പരിശ്രമിക്കുകയും ചെയ്തു.

1884-ൽ പ്രസിദ്ധീകരിച്ച മക്തിത്തങ്ങളുടെ ‘കഠോരകുഠാര’മാണ് കേരള മുസ്ലീങ്ങളിൽ ഒരാളെഴുതിയ ആദ്യ മലയാളഗദ്യ കൃതി. തുടർന്ന് നാല്പതിൽപരം രചനകൾ നിർവഹിച്ചു. ലിംഗസമത്വം, ദേശാഭിമാനം, മാതൃഭാഷാപഠനം, മദ്റസാവിദ്യാഭ്യാസം, അറബിഭാഷാ പഠനം, മരുമക്കത്തായം, മദ്യപാനം, ചരിത്രം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട ഏതാനും രചനകൾ ഒഴികെയുള്ളവയെല്ലാം ക്രിസ്ത്യൻ മതപരിവർത്തകർക്കുള്ള സന്ദേശവും മറുപടിയും വിശദീകരണവും ചോദ്യോത്തരങ്ങളും കത്തുമാണ്. കൊണ്ടോട്ടിയിലെ അന്തരിച്ച ചരിത്രകാരനും സാഹിത്യകാരനുമായ മുഹമ്മദ് അബ്ദുൾ കരീം ആണ് മക്തിത്തങ്ങളുടെ

കൃതികളിൽ ഭൂരിഭാഗവും സമാഹരിച്ചത്. 'മക്തി മനഃക്ലേശം' അദ്ദേഹത്തിന്റെ ആത്മകഥാപരമായ രചനയാണ്. പരോപകാരി പത്രമാസികയും അറബിമലയാള ഭാഷയിലും ലിപിയിലും രണ്ടുപത്രങ്ങളും അദ്ദേഹം പ്രസിദ്ധീകരിച്ചു. കൂടാതെ നിരവധി ലഘുലേഖകളും അറബി-മലയാളം -സംസ്കൃത നിഘണ്ടുവും തയ്യാറാക്കി.

ഇസ്ലാംമതദർശനങ്ങളുടെ ആധാരമായ ഖുർആനിനേയും നബിചര്യകളേയും വചനങ്ങളേയും അടിസ്ഥാനമാക്കി രൂപപ്പെടുത്തിയ ജീവിതദർശനവും നിലപാടുകളുമായിരുന്ന മക്തിത്തങ്ങളുടേത്. അതുകൊണ്ടു തന്നെ അദ്ദേഹം ശുദ്ധ ഇസ്‌ലാ (Pure Islam)മിന്റെ വക്താവാണെന്നു പറയാം. പരലോകചിന്തയേയും ഇഹലോകചിന്തയേയും സമന്വയിപ്പിച്ചുകൊണ്ടുള്ളതായിരുന്ന അദ്ദേഹത്തിന്റെ ജീവിതവീക്ഷണം. അടിസ്ഥാന പ്രമാണങ്ങളുടെ വെളിച്ചത്തിൽ കേരളമുസ്ലീങ്ങളുടെ വ്യവഹാരങ്ങളെ മാറിനിന്ന് വിലയിരുത്താനായത് വിമർശനാത്മക ചിന്തയുടെ ശക്തികൊണ്ടാണ്. ക്രിസ്തുമത പരിവർത്തകരുടെ വാദമുഖങ്ങൾക്ക് അവരുടെ പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ടു മറുപടി നൽകുന്നിടത്ത് തങ്ങളുടെ യുക്തിചിന്തയുടെ മൂർച്ചയും കൃത്യതയും അനുഭവവേദ്യമാകുന്നു. യുക്തിചിന്തയെന്ന ശക്തമായ ഉപാധികൊണ്ട് തങ്ങൾ ഉന്നയിക്കുന്ന വാദമുഖങ്ങൾക്കു മുമ്പിൽ മുസ്ലീം സമൂഹത്തിലെ യാഥാസ്ഥിതികരും ക്രിസ്ത്യൻ മതപരിവർത്തകരും ഒരുപോലെ നിശ്ശബ്ദരായിരുന്നു. മതപ്രഭാഷണത്തിന്റെ സ്വഭാവം അദ്ദേഹത്തിന്റെ ഗദ്യശൈലിയ്ക്കുണ്ടെന്ന് എം. ഗംഗാധരൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മലയാള-സംസ്കൃത പദയോഗങ്ങളും അറബി സംസ്കൃത പദയോഗങ്ങളും അറബി-മലയാള പദയോഗങ്ങളും അദ്ദേഹത്തിന്റെ ഗദ്യ ഭാഷയിലുടനീളം കാണാം. ഖുർആൻ വചനങ്ങളുടെ ഘടനയും ഭാഷാരീതിയും അഭിസംബോധനാ രീതിയും അദ്ദേഹത്തിന്റെ ഗദ്യശൈലിയെ നന്നായി സ്വാധീനിച്ചിട്ടുള്ളതായി കാണാം. 'ഉറച്ച വിശ്വാസത്തിന്റെ ധാർഷ്ട്യവും സഹജീവി സ്നേഹത്തിന്റെ ആർദ്രതയും കലർന്നുണ്ടാവുന്ന ഒരു പ്രത്യേകതരം അന്തസ്സ് മക്തിത്തങ്ങളുടെ ഭാഷയ്ക്കുണ്ട്' (അവതാരിക—ഡോ. എം. ഗംഗാധരൻ, മക്തിത്തങ്ങളുടെ സമ്പൂർണ്ണ കൃതികൾ).

മുപ്പതുവർഷക്കാലം പത്ര-പുസ്തക പ്രസിദ്ധീകരണവും പ്രസംഗവുമായി കേരള മുസ്ലീങ്ങളെ ആധുനീകരിക്കാനും ക്രിസ്ത്യൻ മതപരിവർത്തന ശ്രമങ്ങളെ പ്രതിരോധിക്കാനുമായി തങ്ങൾ നയിച്ച ക്ലേശകരമായ ജീവിതത്തിൽനിന്നാണ് ഭാഷാടിസ്ഥാനത്തിലുള്ള ഐക്യകേരള സങ്കല്പം അദ്ദേഹത്തിന്റെ മനസ്സിൽ ആദ്യമായി രൂപപ്പെടുന്നത്. മലയാളിയുടെ സങ്കല്പത്തിൽപോലും അന്ന് അത്തരമൊരു ചിന്തയുണ്ടായിരുന്നില്ല.

"കേരളത്തിലെ എല്ലാ മതസമുദായങ്ങളും ചേരുമ്പോഴുണ്ടാവുന്ന കേരളാഭിമാനത്തെക്കുറിച്ചുള്ള മക്തിത്തങ്ങളുടെ ഈ സങ്കല്പമാണ് ഐക്യ കേരളത്തെക്കുറിച്ച് ചരിത്രത്തിലാദ്യമുണ്ടാവുന്ന ബോധമെന്നു കാണാം. പ്രദേശങ്ങൾ ചേർന്നുണ്ടാവുന്ന ഐക്യകേരളത്തേക്കാൾ എത്രയോ അർത്ഥപൂർണ്ണമാണ് സമുദായങ്ങൾ കേരളഭിമാനത്തോടെ ചേരുമ്പോൾ രൂപപ്പെടുന്നതെന്ന് കരുതേണ്ടതാണ്" (അവതാരിക—ഡോ. എം. ഗംഗാധരൻ, മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ).

അജ്ഞതയും അന്ധവിശ്വാസവും ദാരിദ്ര്യവും സാമൂഹിക സാംസ്കാരിക പിന്നാക്കാവസ്ഥയും നിലനിന്ന 19-ാം നൂറ്റാണ്ടിലെ മുസ്ലീം സമൂഹത്തേയും ആ സമൂഹത്തിലെ തന്നെ പുരോഹിതരേയും പരിഷ്കരിക്കണമെങ്കിൽ ഇസ്ലാം മതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിൽനിന്നു തെളിവുകൾ കണ്ടെത്തി അതു ബോദ്ധ്യപ്പെടുത്തിക്കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂവെന്ന് മക്തിത്തങ്ങൾ തിരിച്ചറിഞ്ഞിരുന്നു. അഥവാ ശുദ്ധ ഇസ്ലാംമതവിശ്വാസിയായ അദ്ദേഹം അങ്ങനെ മാത്രമേ പ്രവർത്തിക്കുകയുള്ളൂ. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം മതപരിഷ്കാരമെന്നാൽ ജനപരിഷ്കാരമായിരുന്നു.

ഇംഗ്ലീഷ് ഭാഷ നരകഭാഷയാണെന്നും മാതൃഭാഷയായ മലയാളം ഹിന്ദുശാസ്ത്ര ഭാഷയാണെന്നും അതിനാൽ ഇതു രണ്ടും അഭ്യസിക്കുന്നത് മതത്തിനെതിരാണെന്നുമുള്ള വിശ്വാസം നിലനിന്നതിനാൽ മുസ്ലീം സമൂഹം ഇക്കാലത്ത് ഔപചാരിക വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞു നിന്നിരുന്നു. ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതായാൽ മരണാനന്തരം പുനർജീവിക്കപ്പെടുമ്പോൾ അതുതന്നെ സംസാരിക്കുകവഴി നരകാവകാശിയായിത്തീരുമെന്നാണ് മതപുരോഹിതരും ധരിപ്പിച്ചിരുന്നത്. ഇതിനെതിരെ തങ്ങൾ ധാരാളം എഴുതുകയും പ്രസംഗിക്കുകയും ചെയ്തു.

1. മലയാളം പഠിക്കാതെ മതം ശുദ്ധമാകുന്നതും പ്രകാശിക്കുന്നതുമല്ല. (മുസ്ലീം ജനവും വിദ്യാഭ്യാസവും പുറം 442)
2. പ്രാപഞ്ചികാഭ്യാസത്തിൽ പ്രധാനം ദേശഭാഷ തന്നെ (പുറം 445).
3. മലയാള ജനം ഗ്രഹിക്കുന്നതിലേക്ക് ആവശ്യമായ മലയാള ഭാഷാന്തരം മലയാളത്തിൽ കാണാതിരിക്കുന്നത് വലുതായ തെറ്റും മഹാസങ്കടവുമാകുന്നു. (പുറം - 444).
4. മലയാളഭാഷ മാതൃഭാഷയായാലും അത് 'ഈമാൻ' എന്ന വിശ്വാസസംഗതികളെ ധരിപ്പിക്കുന്ന ഗുരുവായും, മരണംവരേയും മരണാനന്തരം താനും ദൈവത്തോട് അപേക്ഷിപ്പാൻ

തുണയായും ഇരിക്കുന്ന അവസ്ഥക്കു ആദ്യം പഠിച്ചുണരേണ്ട തായ ഈ ഭാഷയെ നിരസിച്ചും നിന്ദിച്ചും അഭ്യസിക്കാതിരിക്കുന്ന ചൂഡാമണിയല്ലെന്നു എങ്ങിനെ പറയുന്നു. (മക്തി മനഃക്ലേശം—പുറം 702).

5. മേല്പറഞ്ഞ ഭാഷകൾ പഠിക്കുന്നതിന് മത വിരോധമുണ്ടെന്നു വിരോധിക്കുന്നവൻ ഹൃദയത്തിൽ ചേല ഏല്ക്കാത്ത മലിനബുദ്ധിയാകുന്നു. (പുറം 704).

6. ഈ വക മുഷിഞ്ഞ ബുദ്ധികളെ പുഴക്കിലിട്ട് തച്ചലക്കി ശുദ്ധമാക്കണമെന്ന് നാം പണ്ടുപണ്ടേ പറഞ്ഞുവരുന്നു. ഒരു ഭാഷയെ നരകഭാഷയാക്കി കല്പിച്ചും, മരണാനന്തരം ആ ഭാഷ സംസാരിക്കുന്നതായാൽ നരകാവകാശിയാകുമെന്നു വിധിച്ചും വരുന്ന പടുമൂഢത്വം കേട്ടുശരിവെക്കുന്ന മനുഷ്യരെ കൂട്ടിലിട്ടു പോറ്റേണ്ടതാകുന്നു. എന്തുകൊണ്ടെന്നാൽ ഈ മൊഴികൊണ്ട് ഇംഗ്ലീഷ് ഭാഷ ദേശഭാഷയായിരിക്കുന്ന ദേശവാസികളത്രയും നരകാവകാശികളായും അവർ ഇസ്ലാം മതത്തെ അവലംബിക്കുന്നതായാലും മോചനം ഒന്നും ഇല്ലാതെയും ഭവിക്കുന്നു. (പുറം 706-707).

7. അതതുഭാഷയിൽ നിപുണനായാൽ മാത്രമേ ആ ഭാഷയിൽ എഴുതപ്പെട്ട ഗ്രന്ഥംകൊണ്ട് രചയിതാവ് ഉദ്ദേശിച്ചതെന്തെന്ന് വ്യക്തമായി മനസ്സിലാക്കാനാവൂ. അല്ലാത്തപക്ഷം വിപരീത ഫലമാണുണ്ടാവുക (പുറം 708).

മാതൃഭാഷാഭ്യസനം, ഇംഗ്ലീഷ് ഭാഷാഭ്യസനം എന്നീ ഉദ്ദേശ്യങ്ങളെ മുൻനിർത്തി 'മൂഢാഹങ്കാരം മഹാ അന്ധകാരം' എന്ന പുസ്തകവും മലയാള ഭാഷ വീഴ്ചയും കൊഞ്ചും കൂടാതെ സംസാരിക്കാനും എഴുതാനും വേണ്ടിവരുന്ന സർവഭാഗങ്ങളേയും പഠിപ്പിക്കുന്നതായ 'തഅലീമുൽ ഇഖ്‌വാൻ' എന്ന പുസ്തകവും മക്തിത്തങ്ങൾ പ്രസിദ്ധീകരിച്ചു. മുഹമ്മദു നബിയുടെ, 'വഞ്ചിക്കപ്പെടാതിരിപ്പാനായി ദേശഭാഷ (അതാതു ഭാഷ) അഭ്യസിപ്പിൻ'. എന്ന വചനത്തെ ഉദ്ധരിച്ച് ഇതൊന്നും മതവിരോധമല്ലെന്ന് ആധികാരികമായി ബോദ്ധ്യപ്പെടുത്തി. (മക്തി മനഃക്ലേശം, പുറം 707).

പൊതുവിദ്യാലയങ്ങളിൽചേർന്ന് ഔപചാരിക വിദ്യാഭ്യാസം നേടണമെന്നും പെൺകുട്ടികൾക്കും ഔപചാരിക വിദ്യാഭ്യാസം നല്കണമെന്നും അവർക്കുവേണ്ടി മാത്രമായി പെൺപള്ളിക്കൂടങ്ങൾ ആവശ്യപ്പെടുന്നത് വിഡ്ഢിത്തമാണെന്നും ഇസ്ലാമികമുറ തെറ്റാതെതന്നെ

പൊതുവിദ്യാലയങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നേടാമെന്നും തങ്ങൾ പ്രചരിപ്പിച്ചു. 'സർക്കാർ സ്കൂളുകളിൽ ചേർന്നു പഠിക്കുന്നത് ഉത്തമം. അഭ്യാസ വിശേഷതയുമുണ്ട്'. (രാജഭക്തിയും ദേശഭിമാനവും പുറം-506).

'സ്ത്രീകൾ പഠിക്കുന്നതിലേക്കു പ്രത്യേക പാഠശാലകൾ ഏർപ്പെടുത്തി കിട്ടേണമെന്നപേക്ഷിക്കുന്നതും വിവരമില്ലായ്മയാകുന്നു'. (രാജഭക്തിയും ദേശാഭിമാനവും. പുറം-507).

മലയാളമഭ്യസിക്കാത്തതുമൂലം മതവിദ്യാഭ്യാസം വികലവും മതവിരുദ്ധവുമാകുന്നതായും അനാവശ്യ സമയനഷ്ടമുണ്ടാക്കുന്നതായും മതതത്ത്വങ്ങളെക്കുറിച്ച് ശരിയായ ഗ്രാഹ്യമോ ധാരണയോ ഉണ്ടാകുന്നില്ലെന്നും കേട്ടതു കേട്ടതുപോലെ ഉരുവിടാനല്ലാതെ ആശയം വ്യക്തമാക്കാനോ സംശയം ദൂരീകരിക്കാനോ മൗലവിമാർക്ക് സാധിക്കുന്നില്ലെന്നും മക്തി തങ്ങൾ 'മുസ്ലീം ജനവും വിദ്യാഭ്യാസവും' എന്ന കൃതിയിൽ വ്യക്തമാക്കുന്നു. 'മലയാളം മാതൃഭാഷയും ഗുരുഭാഷയുമാണ്. മലയാളം പഠിക്കാഞ്ഞാൽ മതപഠനം ദുഷിക്കുന്നു' (പുറം-440).

നിരർത്ഥം, വിപരീതാർത്ഥം, ദുരർത്ഥം എന്നീ ഭാഷാദോഷങ്ങളാൽ ആശയവിനിമയം ഫലപ്രദമാകുന്നില്ല. ശൗചിക്കുന്നതിന് ഉപയോഗിക്കുന്ന 'മൻഹോരിക്കൽ' എന്ന പ്രയോഗം ഏതു ഭാഷയാണെന്നോ അർത്ഥം എന്താണെന്നോ ഉദ്ഭവം എങ്ങനെയെന്നോ ആർക്കും ഒരു രൂപവുമില്ല. ആയിരിക്കും എന്ന വാക്കിന്റെ അർത്ഥം അറിയാതിരിക്കുന്നത് മൂഢതയും മുഠാളത്തവുമാണ്. ആത്മവിശ്വാസമില്ലാത്തതിനാൽ ഇതര സമൂഹത്തിലിറങ്ങിച്ചെന്ന് പ്രസംഗിക്കാൻ സാധിക്കുന്നില്ല. അന്യജനം വരാത്ത സമയത്തും സ്ഥലത്തും സംസാരിക്കുന്നതിനാൽ മതപ്രസംഗം ഫലപ്രദമല്ലാതാകുന്നു. മലയാളമറിയാത്തതിനാൽ രാജ്യനിയമം അറിയാതെ ദോഷപ്പെടുന്നു. എന്നിങ്ങനെ മക്തിത്തങ്ങൾ ഈ കൃതിയിൽ മലയാള ഭാഷ അഭ്യസിക്കാത്തതുമൂലമുണ്ടാവുന്ന ദോഷങ്ങളെ അക്കമിട്ടുനിരത്തുന്നു.ജന പരിഷ്കാര തല്പരരായ മുസ്ലീങ്ങളോട് പാഠശാലകൾ സ്ഥാപിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. 'മതാഭിവൃദ്ധി ജനപരിഷ്കാരത്തിലും ജനപരിഷ്കാരം വ്യവഹാരത്തിലുമാകയാൽ കാര്യാർത്ഥം പാഠശാലകൾ സ്ഥാപിക്കേണ്ടതാകുന്നു'. (മുസ്ലീം ജനവും വിദ്യാഭ്യാസവും, പുറം-443).

മദ്രസകളിൽ നിലവിലിരുന്ന അശാസ്ത്രീയ പഠനബോധനരീതികളെ വിമർശിക്കുകയും കുറഞ്ഞ സമയം കൊണ്ട് ഫലപ്രദമായ മതപഠനം നിർവഹിക്കത്തക്കവിധത്തിൽ മക്തിത്തങ്ങൾ പുതിയ പാഠ്യപദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. അറബിവാചകത്തെ മലയാളത്തിൽ

ഭാഷപ്പെടുത്തി പഠിക്കുന്നതിനുപകരം ആ കിത്താബു ഭാഷപ്പെടുത്തി ആ ഭാഷാന്തര കിത്താബു വായിക്കുന്നതായാൽ ഏറ്റവും എളുപ്പമുണ്ട്. ഒരു കൊല്ലം കൊണ്ടുണ്ടാകുന്ന അറിവ് രണ്ടുമാസം കൊണ്ടുണ്ടാകും (മുസ്ലീം ജനവും വിദ്യാഭ്യാസവും, പുറം-440) എന്നും ഖുർആൻ പൂർണമായി വായിക്കാൻ പഠിപ്പിക്കുന്നതും അതിന് ഇത്രയും സമയം ചെലവഴിക്കുന്നതും അസംബന്ധമാണ് എന്നും മതപാഠശാലകൾ വിദ്യാർത്ഥികളെ മുഴുവൻ മൗലവിമാരാക്കാൻ സ്ഥാപിക്കുന്നതും അതിനായി പ്രവർത്തിക്കുന്നതും ശരിയല്ല, എല്ലാവരേയും മൗലവിമാരാക്കാതെ ലൗകികാവശ്യത്തിനായി വ്യാപാരം, തൊഴിൽ എന്നിവയഭ്യസിക്കണമെന്നും നിഷ്കർഷിച്ചു. (പുറം-445).

മക്തിത്തങ്ങൾ പരിഷ്കരിച്ച മദ്രസാപാഠ്യപദ്ധതി

1. പാഠ്യപദ്ധതിയുടെ ആത്യന്തിക ലക്ഷ്യം
   a) കുറ്റമറ്റ ആത്മീയ ജീവിതം നയിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുക.
   b) കുറ്റമറ്റ ലൗകിക ജീവിതം നയിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുക.
   c) മുസ്ലീം സമൂഹത്തിന് പരിഷ്കൃത ജീവിതം നയിക്കാനുള്ള ശേഷിയുണ്ടാക്കുക.

1-ാം തരം ശിശു (1 മാസം മുതൽ 3 മാസം)

അറബി, അറബിമലയാള അക്ഷരങ്ങൾ അഭ്യസിപ്പിക്കൽ—ഖുർആൻ അഭ്യാസനിയമമനുസരിച്ച്. (ഒരു മാസം കൊണ്ട് കൂട്ടിവായിക്കുക, എഴുതുക, മൂന്നു മാസം കഴിഞ്ഞാൽ കയറ്റം).

1ൽ ബി (6 മാസം)

ചോദ്യോത്തരരീതിയിൽ സംവിധാനംചെയ്ത തർജ്ജമ ചെയ്ത അറിവുകൾ. ഉച്ചയ്ക്കു ശേഷം മുഹല്ലീമുൽ ഇഖ്‌വാൻ (അറബി അക്ഷരത്തിനൊത്ത മലയാള അക്ഷരങ്ങളെ എഴുതിക്കാണിക്കുന്ന പുസ്തകം). അതോടൊപ്പം അറബി, മലയാളം, ഇംഗ്ലീഷ് അക്കങ്ങൾ 1മുതൽ 100 വരെ എഴുതാനും കൂട്ടാനും പഠിക്കണം. ഖുർആൻ 30 ൽ 5 അധ്യായം (ജുസ്) പാരായണം. 5-ൽ അധികം ഓതുന്നത് താൽപര്യമുള്ളവർക്കുമാത്രം. ആറാം മാസം കയറ്റം.

രണ്ടാന്തരം (6 മാസം)

സർക്കാർ നിയമപ്രകാരം ഒന്നാം പാഠപുസ്തകവും അതിനനുസരണമായ പഠനങ്ങളും കർമ്മശാസ്ത്രം പരിഭാഷയും.

2 ൽ (6 മാസം)

മലയാളം രണ്ടാം പുസ്തകവും അറബി വ്യാകരണവും (നാമം, ക്രിയ, അവ്യയം) മലയാളത്തിൽ തർജ്ജമചെയ്യലും, ഫിക്ക്ഹ് (കർമ്മശാസ്ത്രം), അഖായിദ എന്നിവയടങ്ങിയ പുസ്തകത്തിന്റെ തർജ്ജമ.

6 മാസശേഷം തിരിച്ചുവിടൽ

ലൗകികം, ദൈവികം എന്നിങ്ങനെ പഠിതാവിന് ഇഷ്ടമുള്ള മേഖല തിരഞ്ഞെടുത്ത് പഠിക്കാം. ഇംഗ്ലീഷ്, മലയാളം വിഷയങ്ങൾ ഉൾപ്പെട്ടതാണ് ലൗകിക (ഭൗതികം) ശാഖ. മലയാള വ്യാകരണം, പ്രകരണങ്ങൾ, പുരാണങ്ങൾ, ഭാഷാ ജ്ഞാനം എന്നിവയുൾപ്പെട്ട വൈദിക (ആത്മീയ) ശാഖ.

'ഈ സ്വഭാവത്തിൽ അഭ്യസിക്കുന്നതായാൽ ഇസ്ലാം ജനം വൈദിക, ലൗകികങ്ങളിൽ പിഴതീർന്നവരായും പരിഷ്കൃതരായും ഭവിക്കും, നിശ്ചയം'. (പുറം - 447).

പഠനരീതി/രീതിശാസ്ത്രം

'പേന പിടിക്കേണ്ടത് എങ്ങനെ എഴുതേണ്ടത് എങ്ങനെ എന്നറിയുന്നില്ല. ഈ വക ദോഷങ്ങൾക്കുള്ള കാരണം പഠിപ്പിക്കേണ്ട മുറയും ക്രമവും അറിവില്ലായ്മ തന്നെ'. (മക്തി മന:ക്ലേശം,പുറം-711)

1. ഓത്തുപുരയിൽ ഒരു ബോർഡ് ഉണ്ടായിരിക്കണം. ആദ്യം ഓരോ അക്ഷരങ്ങളും ക്രമേണ കൂട്ടി എഴുതേണ്ട മുറകളും ഗുരുക്കന്മാർ എഴുതിക്കാണിച്ചും കുട്ടികളെക്കൊണ്ട് എഴുതിപ്പിച്ചും ധരിപ്പിക്കയും അഭ്യസിപ്പിക്കയും വേണം.
2. അതാതു പാഠക്കാരെ തരംതിരിച്ച് ക്ലാസ് ആക്കണം
3. ക്ലാസ് മുറപ്രകാരം പാഠം കേൾക്കണം. അതായത് ഒന്നാമൻ മുതൽ വായിക്കുകയും മറ്റവർ നോക്കി തെറ്റു പറയുകയും വേണം എന്നും മറ്റും വിവരിക്കുന്ന ഒരു ചട്ടം ഉണ്ടാക്കി 'സലാഹുൽ ഇഖ്വാൻ' എന്ന നാമത്തിൽ നടപ്പായിരുന്ന പത്രത്തിൽ പ്രസിദ്ധപ്പെടുത്തി. (മക്തി മനഃക്ലേശം, പുറം-712-713)

ആദ്യം അറബിഅക്ഷരങ്ങളും പിന്നീട് അറബിമലയാള അക്ഷരങ്ങളും പഠിപ്പിക്കണം. 1906 ജനുവരി 1-ാംനു 'സലാഹുൽ ഇഖ്വാൻ' എന്ന അറബി മലയാള പത്രത്തിൽ മക്തി തങ്ങൾ നിർദേശിച്ച ഖുർആൻ അഭ്യാസക്രമം മദ്രസകൾ പിന്തുടരണം. നിർബന്ധിതമായി അനുഷ്ഠിക്കേണ്ട കാര്യങ്ങൾ മലയാളത്തിലേക്ക് പാഠപുസ്തകം ചമച്ച് വിനിമയം

ചെയ്യണം. ചോദ്യോത്തര രീതിയാണ് പാഠപുസ്തകം സംവിധാനം ചെയ്യാൻ അവലംബിക്കേണ്ടത്. രണ്ടാം ക്ലാസിലേക്ക് പഠിപ്പിക്കാനുള്ള പുസ്തകങ്ങളും മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയാണ് പഠിപ്പിക്കേണ്ടത്. അറബി വ്യാകരണവും മലയാള ഭാഷയുടെ സഹായത്തിലാണ് പഠിപ്പിക്കേണ്ടത്. രണ്ടാം തരത്തിൽ ആറുമാസം കഴിഞ്ഞാൽ സവിശേഷ പഠനം—ലൗകിക പഠനമെന്നും (ഭൗതിക പഠനം) വൈദിക പഠനം (ആത്മീയ പഠനം) എന്നും രണ്ടായി തിരിക്കണം. പഠിതാക്കൾക്ക് അവരുടെ ഇഷ്ടംപോലെ ഏതെങ്കിലും ഒരു ശാഖ തെരഞ്ഞെടുക്കാവുന്നതാണ്.

പരിഷ്കരിച്ച പാഠ്യപദ്ധതിയുടെ സവിശേഷതകൾ

1. 21 മാസത്തെ സാർവത്രിക മതപഠനത്തിലേക്ക് വർഷങ്ങൾ നീണ്ട മത പഠനത്തെ ചുരുക്കാൻ സാധിച്ചു.
2. മാതൃഭാഷയിലൂന്നിയ പഠനബോധന സമീപനം അദ്ഭുതകരമായ സമയ ലാഭത്തെയും കൂടുതൽ ഫലപ്രദമായ മത വിദ്യാഭ്യാസത്തെയും ഉറപ്പുവരുത്തി.
3. അറബി ഗ്രന്ഥങ്ങളെ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുക വഴി പഠനകാലം അഞ്ചിലൊന്നായി കുറയ്ക്കാൻ സാധിച്ചു.
4. ഔപചാരിക സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്ന് അകന്നു നിന്ന മുസ്ലീം സമൂഹത്തിന് പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കങ്ങൾ സ്വാംശീകരിച്ച് ആ കുറവു നികത്താൻ കഴിയുന്ന വിധത്തിൽ അവയെ മദ്രസാപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത് പ്രായോഗികവും വിപ്ലവകരവുമായ പരിഷ്കരണമായിരുന്നു. (1 മുതൽ 100 വരെയുള്ള സംഖ്യാബോധം, സങ്കലനം, മലയാളം ഒന്നാം പാഠപുസ്തകം, മലയാള രണ്ടാം പാഠപുസ്തകം).
5. പ്രാഥമിക ലൗകിക വിദ്യാഭ്യാസവും മതപഠനവും സമന്വയിപ്പിച്ചു കൊണ്ടുള്ള പാഠ്യ പദ്ധതി അവതരിപ്പിച്ചു.
6. മത പുരോഹിതർക്ക് (മൗലവി) ഭാഷാജ്ഞാനം നിർബന്ധിതമാണെന്ന സമീപനം വളരെയധികം പുരോഗമനപരമായിരുന്നു.
7. മലയാള വ്യാകരണം, പ്രകരണങ്ങൾ, പുരാണങ്ങൾ എന്നിവ ഭാഷാജ്ഞാനം ആർജിക്കാനുള്ള ഉപാധികൾ എന്ന നിലയിൽ മൗലവിമാരാവാനുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെട്ട

ത്തിയത് മക്തി തങ്ങളുടെ മതേതര മൂല്യത്തെയും വിശാല വീക്ഷണത്തേയും പുരോഗമന സ്വഭാവത്തെയും പ്രതിഫലിപ്പിക്കുന്നു.

8. ഉപരിപഠനം പഠിതാവിന് തിരഞ്ഞെടുക്കാവുന്ന വിധത്തിൽ രണ്ടായി തിരിച്ചത്. പാഠ്യപദ്ധയെ അയവുള്ളതും (Flexible) ജനാധിപത്യപരവും ആക്കുന്നു.
9. വാർഷിക പഠനത്തിനു പകരം അർദ്ധ വാർഷിക കാലയളവ് നിശ്ചയിച്ചത് പഠനവും സൂക്ഷമവും കൃത്യവുമാക്കി.
10. ക്ലാസുകൾക്കനുസരിച്ച് പ്രത്യേകം പാഠപുസ്തകം തയ്യാറാക്കുക വഴി ഇന്നത്തെ 'Text book' എന്ന ആശയത്തിന് മദ്രസാ വിദ്യാഭ്യാസത്തിൽ വഴി തുറന്നിട്ടു.
11. ബോർഡ് യാഥാർത്ഥ്യമാക്കുക വഴി പഠനം ശാസ്ത്രീയവും ഫലപ്രദവുമാക്കി.
12. മദ്രസാ വിദ്യാഭ്യാസത്തിലേക്ക് കൃത്യമായ ക്ലാസ് വിഭജനം, ക്ലാസ് കയറ്റം എന്നിവ കൊണ്ടു വന്ന് കൂടുതൽ ശാസ്ത്രീയമാക്കി.
13. അക്ഷരമാലാരീതിയിലൂടെയുള്ള ഭാഷാഭ്യസനം, ശ്രാവ്യ വായന, തെറ്റതിരുത്തൽ എന്നിവ പഠനത്തെ ശാസ്ത്രീയമാക്കി. ബോധന രീതിശാസ്ത്രം ആദ്യമായി മദ്രസാ വിദ്യാഭ്യാസത്തിൽ സ്വീകരിക്കപ്പെട്ടു.

ജന്മിത്വത്തിനെതിരായ കലാപങ്ങളും മുസ്ലീങ്ങളുടെ രക്തസാക്ഷിത്വവും

1836-1896 കാലങ്ങളിൽ ജന്മിത്വത്തിനെതിരായി നടന്ന 29 വലിയ കലാപങ്ങളിൽ 307 മാപ്പിളമാരും 69 ജന്മിമാരും കൊലചെയ്യപ്പെട്ടു. 1896-ൽ മാത്രം 94 മാപ്പിളമാർ പോലീസുമായുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടിരുന്നു. തെക്കേമലബാറിന്റെ കിഴക്കൻ മേഖലകളിൽ നടന്ന കലാപങ്ങളിൽ രക്തസാക്ഷിത്വം സ്വർഗാവകാശിയാക്കുമെന്ന അബദ്ധ വിശ്വാസത്തിൽ ചാവേറുകളാവുന്നത് മുസ്ലീങ്ങൾക്ക് ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുകയെന്നു തിരിച്ചറിഞ്ഞ മക്തി തങ്ങൾ ഇതവസാനിപ്പിക്കുന്നതിനായി പ്രവർത്തിച്ചു. ഇതേക്കുറിച്ച് മക്തി തങ്ങൾ മക്തി മനഃക്ലേശം എന്ന ആത്മകഥാപരമായ പുസ്തകത്തിൽ ഇങ്ങനെ പറയുന്നു. "1896-ൽ ഉണ്ടായ ലഹള പ്രസിദ്ധി കാരണമായി മലയാം കലക്ടർ ബഹുമാനപ്പെട്ട ഡാൻസു സായ്പ് അവർകളും പോലീസ് സുപ്രണ്ട് ഫാസിട്ടു സായ്പ് അവർകളും എന്നെ വരുത്തി മലപ്പുറം, മഞ്ചേരി, വണ്ടൂർ, അങ്ങാടിപ്പുറം മുതലായ ഉൾരാജ്യങ്ങളിൽ ചെന്നു പ്രസംഗാർത്ഥം

ഗുണദോഷിക്കേണമെന്ന ആവശ്യപ്പെട്ട പ്രകാരം സഞ്ചരിച്ചും പ്രസംഗിച്ചും വന്നു. ഈ വക തോന്നിയവാസ ലഹളകളിൽ പരമാനന്ദമുക്തനാകുമെന്ന് ഉണ്ടായിരുന്ന മനോധൈര്യത്തോടെതിർത്തു ദീർഘമായ സംഭാഷണങ്ങൾ നടത്തി. ഈവക ലഹളകളിൽ മരിക്കുന്നവൻ ആത്മഹത്യ, സമുദായ ദോഷം, പരോപദ്രവം, രാജദ്രോഹം എന്നീ കുറ്റങ്ങൾക്കു പാത്രമാകുന്നു എന്നു പ്രമാണാനുസരണ നിയമങ്ങളെക്കൊണ്ടും ബുദ്ധിയുക്തിയൊത്ത ന്യായങ്ങളെകൊണ്ടും തൃപ്തിയാം വണ്ണം ധരിപ്പിച്ചതിനാൽ സത്യസിദ്ധാന്തികളും രക്ഷാഗ്രഹികളുമായ സാധുജനം പെട്ടെന്നു മറിഞ്ഞ് മനംതിരിഞ്ഞു ദൈവത്തോടു ക്ഷമയാചിച്ചു. അന്നുമുതൽ ഇന്നുവരെ ലഹള, ലഹള എന്നുള്ള മ്ലേച്ഛ പ്രസ്താവത്തിനിടവരുത്താതെ ജനത്തെയും മതത്തെയും രക്ഷിച്ചവന്റെ....' (മക്തി മനഃക്ലേശം, പുറം-698-699). ഇത്തരം രക്തസാക്ഷിത്വത്തിന് യാതൊരുവിധ പുണ്യവും മതപരമായിഇല്ലെന്ന് പ്രമാണങ്ങളെക്കൊണ്ടും ബോധാനുസരണ ന്യായങ്ങളെക്കൊണ്ടും ബോധ്യപ്പെടുത്തിയ പുസ്തകമാണ് മക്തിതങ്ങളുടെ 'പരോപദ്രവ പരിഹാരി'. 1912-ൽ മക്തി തങ്ങളുടെ മരണംവരെ പിന്നീട് കലാപങ്ങൾ ഉണ്ടായില്ലെന്നത് അദ്ദേഹത്തിന്റെ പരിഷ്കരണ പരിശ്രമങ്ങളുടെ ഫലപ്രാപ്തിയെ കാണിക്കുന്നു.

ദേശവീക്ഷണം

ജനാധിപത്യ മതേതരത്വമൂല്യങ്ങൾക്കും ബഹുസ്വരതയ്ക്കും അനുഗുണമായ ദേശവീക്ഷണമാണ് മക്തിതങ്ങൾ വിശ്വസിച്ചതും പ്രചരിപ്പിച്ചതും. ദേശരാഷ്ട്രത്തിന്റെ ദേശീയതായുക്തികൾക്കകത്ത് നിലകൊള്ളുന്നതിനാൽ ഭരണകൂടവുമായി അതിന് സംഘർഷത്തിലേർപ്പെടേണ്ടി വന്നില്ല. 'രാജഭക്തിയും ദേശഭിമാനവും' എന്ന രചനയിൽ തങ്ങൾ സ്വന്തംനിലപാടു വ്യക്തമാക്കിയിട്ടുണ്ട്. 'ജനനഭൂമി പ്രധാനവും ആ ഭൂമിയെ പരിഷ്കരിപ്പിക്കേണ്ടത് മനുഷ്യാവകാശവുമാകുന്നു' (പുറം-10).

'നിയമങ്ങൾ അറിയുന്നതും അനുസരണം നടക്കുന്നതും ഭക്തിയവകാശമെന്നു മാത്രമല്ല പ്രത്യേകമായ ശക്തിയുമുണ്ടാക്കുന്നു' (പുറം-505).

'രാജഭാഷ രാജ്യഭാഷക്രമമായി അഭ്യസിക്കുന്നതും ഉദ്യോഗവഴിക്ക് ഗവർമ്മെണ്ടിനെ സഹായിക്കുന്നവരായി ഭവിക്കുന്നതും മുസ്ലീമായ പ്രജകൾക്കുള്ള പ്രധാന ചുമതലയാകുന്നു. ഈ ശ്രമംകൊണ്ട് മതാഭിമാനം, ജനാഭിമാനം, ദേശാഭിമാനം എന്നീ മൂന്നു വിധത്തിലുള്ള അഭിമാനങ്ങളും പൂരിപ്പിക്കപ്പെടും' (പുറം-501).

പ്രസംഗകർക്കുള്ള പെരുമാറ്റച്ചട്ടം

കേരള മുസ്ലീങ്ങൾക്കിടയിൽ നിന്ന് ആദ്യമായി ഉയർന്നുവന്ന പ്രസംഗകനായിരുന്നു മക്തി തങ്ങൾ. ഇസ്ലാംമത രക്ഷയ്ക്കും മുസ്ലീം സമൂഹത്തിന്റെ ഉന്നമനത്തിനുമായി തന്റെ മാർഗം പിന്തുടരുന്ന ധാരാളം പേർ ഉണ്ടാവണമെന്ന് ശക്തമായി ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തിരുന്നു. എങ്കിലും അവസാനകാലത്താണ് പരിശ്രമങ്ങൾക്കു ഫലം കണ്ടത്. ഇതേക്കുറിച്ച് തങ്ങൾ പറയുന്നു. 'ഇസ്ലാം മത വിരോധികളെ കേവലം അടക്കി എന്നു മാത്രമല്ല മതവ്യവഹാരവും സംഭാഷണ മുറയും അറിയാതിരുന്ന മുസ്ലീങ്ങളെ ഉണർത്തിയും ഭയം അകറ്റിയും വന്നു' (നാരിനരാഭിചാരി, പുറം 637).

'27 വത്സരമായ ഇന്നുവരെ സഞ്ചാരിയാക്കി കേരളത്തിലെല്ലാം പ്രസംഗിപ്പിക്കുകയും എന്റെ പിൻകാലവും തുടർച്ചയായി നടന്നുവരത്തക്ക പിൻഗാമികളെ എഴുന്നേല്പിച്ചും കാണിക്കയും ചെയ്ത തമ്പുരാനെ സദാ സ്തുതിക്കുന്നു'. (പുറം-637). തന്റെ പാത പിന്തുടരുന്നവരോട്, നിയമവിരോധമായ വചനം, ആംഗ്യം, പ്രകോപനം ഉണ്ടാകുന്ന പ്രയോഗങ്ങൾ, ഞാനെന്ന ഭാവം എന്നിവ ഉപേക്ഷിക്കണമെന്നും ബുദ്ധിയും പ്രമാണവും യോജിക്കുന്നിടത്ത് സാക്ഷ്യത്തോടെയുള്ള വിവരണം നല്കണമെന്നും യുക്തിക്കു നിരക്കാത്തവ പരസ്യമായി അവതരിപ്പിക്കരുതെന്നും കേൾവിക്കാരെയെല്ലാം നോക്കി സംസാരിക്കണമെന്നും മുഖഭാവം നിരീക്ഷിച്ച് വിയോജിപ്പു കണ്ടാൽ തെളിവു നിരത്തി സ്ഥാപിക്കണമെന്നും അവനവനെ സൂക്ഷിക്കണമെന്നും പ്രസംഗത്തിൽനിന്നു വരുമാനമുണ്ടായാൽ സാമൂഹ്യസേവനത്തിനുപയോഗിക്കണമെന്നും നിർദേശിച്ചു. കൂടാതെ 'മക്തി മനഃക്ലേശ'ത്തിൽ പ്രവർത്തിയുടെ ഗൗരവം ഇങ്ങനെ ബോദ്ധ്യപ്പെടുത്തി. 'ഹേ! പ്രസംഗികളായവരേ സദസ്സിൽനിന്നു സംസാരിക്കുന്നതിൽ അഹങ്കാരമത്തർ ആവാതെ താൻ പറയാൻ വിചാരിക്കുന്ന സംഗതികളിൽ മാത്രമല്ല മൊഴികളിലും ആലോചിക്കുന്നവരും അതുനിമിത്തം ഉത്ഭവിക്കാവുന്ന സർവ്വഭാഗങ്ങളിലും ചിന്തിക്കുന്നവരും ആയിരിക്കണമെന്നു പ്രത്യേകം ഉപദേശിക്കുന്നു (മക്തി മനഃക്ലേശം, പുറം-690).

ആത്മാഭിമാനം ഉണർത്താനുള്ള ശ്രമങ്ങൾ

ഇസ്ലാം മതഗ്രന്ഥങ്ങളുടെ ശ്രേഷ്ഠതയിലും മുസ്ലീങ്ങളുടെ പൂർവ്വകാല ചരിത്രമഹാത്മ്യത്തിലും ഊന്നിക്കൊണ്ടായിരുന്നു കേരള മുസ്ലീങ്ങളുടെ അപകർഷതാബോധവും സാമൂഹിക സാംസ്കാരിക പിന്നാക്കാവസ്ഥയും ദൂരീകരിക്കാൻ പരിശ്രമിച്ചത്. അദ്ദേഹം പറയുന്നു. 'കേരള നിവാസികളായ ഇസ്ലാം ജനത്തിൽ കാര്യാലോചനാശക്തിയും മതാഭിമാന

പ്രാപ്തിയും ഇല്ലെന്നില്ല. എങ്കിലും ജാത്യാൽ ക്ഷീണിച്ച ആത്മാക്കളാകകൊണ്ടും അഭ്യാസസഹായം ഇല്ലായ്കകൊണ്ടും അന്യരെ സേവിച്ചും ആശ്രയിച്ചും പറയുന്നതിൽ വഴിപ്പെട്ടുവരുന്നു'. (മക്തി മനഃക്ലേശം, പുറം-696).

ഫിലോസഫി മുതലായ വിജ്ഞാനശാഖകൾ കിഴക്കുനിന്ന് യൂറോപ്പിലേക്കു കൊണ്ടുവന്നത് അറബികളാണ്. 600 വർഷം അറേബ്യയിൽ ഈ വിഷയങ്ങൾ പ്രചാരത്തിലിരുന്നപ്പോൾ പാശ്ചാത്യർ മൂഢതയിലായിരുന്നുവെന്ന് തങ്ങൾ സമർത്ഥിക്കുന്നു. ഇതിനു തെളിവായി ജാൻഡവൻ പോർട്ടിന്റെ 'അപ്പോളജി ഫോർ മുഹമ്മദ്' എന്ന ഗ്രന്ഥത്തിൽ നിന്നും വരികൾ ഉദ്ധരിക്കുന്നു. 'പത്താം നൂറ്റാണ്ടിൽ യൂറോപ്പ് മൂഢാന്ധകാരത്തിലായിരുന്നു. അക്കാലം അറബികൾ സ്പെയിനിലും ഇറ്റലിയിലും അനേക പാഠശാലകൾ ഏർപ്പെടുത്തി'. (നാരിനരാഭിചാരി, പുറം-639). പാശ്ചാത്യരെ പരിഷ്കരിച്ചത് അറബികളും അറബി പാഠശാലകളുമാണെന്ന് തിരിച്ചറിയാൻ അദ്ദേഹം ആവശ്യപ്പെട്ടു.

ക്രിസ്തുമത പരിവർത്തന പ്രതിരോധം

1884-ൽ പ്രസിദ്ധീകരിച്ച ആദ്യകൃതിയായ 'കഠോരകുഠാരം' മുതലുള്ള മിക്ക കൃതികളും കേരളത്തിലങ്ങോളമിങ്ങോളം സഞ്ചരിച്ചു നടത്തിയ മതപ്രസംഗങ്ങളും ബ്രിട്ടീഷ് സർക്കാരിന്റെ ജോലിയുപേക്ഷിക്കാൻ തീരുമാനിച്ചതുമെല്ലാംതന്നെ ക്രിസ്തുമത പരിവർത്തന ശ്രമങ്ങളെ പ്രതിരോധിച്ചുകൊണ്ടു കേരള മുസ്ലീങ്ങളുടെ ഇസ്ലാമികസ്വത്വത്തെ നിലനിർത്താൻ വേണ്ടിയായിരുന്നു. 'നാരീനരാഭിചാരി' എന്ന കൃതിയിൽ ഇതേക്കുറിച്ചു തങ്ങൾ ഇങ്ങനെ പറയുന്നു. 'മേൽപ്രകാരം അപവാദപ്പെട്ട് പ്രത്യേകനിയമത്തിനു പാത്രമായിരിക്കുന്ന സമുദായത്തിൽനിന്നു നൂതനമായി മതപ്രസംഗികർ നേരിടുവാനിരിക്കുന്ന വിക്രമങ്ങളേയും ആപത്തുകളേയും നിർവഹിച്ചു പരിഹരിക്കുന്ന ഒരു ആത്മാവു ആവശ്യമാകയാൽ സർവ്വജ്ഞനും സർവ്വശക്തനുമായ തമ്പുരാൻ നിസ്സാരനായ എന്നെ നിയമിച്ചു. പ്രത്യേക ലക്ഷണങ്ങളെ കൊണ്ടും സംഭവങ്ങളെക്കൊണ്ടും എന്നെ ധൈര്യപ്പെടുത്തിയതിനാൽ ഉദ്യോഗാശ്രയത്തെ പെട്ടെന്നൊഴിഞ്ഞു പ്രസംഗകളത്തിൽ ഇറങ്ങി. ക്ഷണിതക്കൊടി ചുമലിലെടുത്ത് ഉപദേശ പ്രസംഗം തുടങ്ങി'. (നാരിനരാഭിചാരി, പുറം-636).

മുഹമ്മദുനബിയുടെ ആഗമനത്തെ സംബന്ധിച്ച ക്രിസ്തുവചനം പിശാചിന്റെ ആഗമനത്തെ സംബന്ധിച്ചാണെന്ന ക്രിസ്തു ജനവാദം തെറ്റാണെന്ന് 1892-ൽ 'ഇഹലോക പ്രഭു' എന്ന കൃതിയിലും ജറുശലേം തോട്ടത്തിന്റെ അവസാന കൈവശക്കാർ മുസ്ലീങ്ങളാണെന്ന് 1895-ൽ

'തോട്ടത്തിരുപ്പോരാട്ട്' എന്ന കൃതിയിലും മുഹമ്മദ് നബി പ്രവചിക്കപ്പെട്ട പ്രവാചകൻ തന്നെയാണെന്ന് 1890-ൽ 'അബ്രഹാം സന്താന പ്രവേശനം' എന്ന കൃതിയിലും യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിട്ടില്ലെന്ന് ക്രിസ്തുമത പ്രമാണങ്ങൾ കൊണ്ട് 1903-ൽ രചിച്ച 'കുരിശു സംഭവം സ്വപ്ന സംഭാവന' എന്ന കൃതിയിലും മോശയാൽ പറയപ്പെട്ട നബി മുഹമ്മദുനബി അല്ല ക്രിസ്തുവാണെന്ന ക്രിസ്ത്യാനികളുടെ വാദം കൂട്ടിച്ചേർത്ത കളവാണെന്ന് 'ക്രിസ്തീയ മനഃപൂർവ്വ മോഷണം' എന്ന കൃതിയിലും 'തണ്ടാൻ കൊണ്ടാട്ട ചെണ്ട' എന്ന കൃതിയിലും സ്ഥാപിക്കുന്നു. കർത്താവും പരിശുദ്ധാത്മാവും ക്രിസ്തുവും ഒന്നാണെന്ന ത്രിയേക വിശ്വാസത്തെ 'കഠോരകുഠാരം' മുതലായ പല കൃതികൾ കൊണ്ടും മക്തി തങ്ങൾ നിരാകരിക്കുന്നു. ഇതിന്റെ ഫലമായി വ്യാജവചനത്തെ ക്രിസ്ത്യാനികളുടെ കൈകൊണ്ടു തന്നെ അവരുടെ പ്രമാണങ്ങളിൽനിന്നു നീക്കിയ്ക്കാൻ തന്നെക്കൊണ്ട് സാധിച്ചതായി തങ്ങൾ ഊറ്റം കൊള്ളുന്നു.

ഇസ്ലാംമത പരിഷ്കരണശ്രമങ്ങളുടെ ഫലമായും ക്രിസ്തുമത പരിവർത്തന ശ്രമങ്ങളെ പ്രതിരോധിച്ചതുമൂലവും മക്തി തങ്ങൾക്ക് ഒരേ സമയം എതിർപ്പുകൾ നേരിട്ടു. സുഹൃത്തുക്കളിൽനിന്നും ബന്ധുമിത്രാദികളിൽനിന്നും ഒറ്റപ്പെട്ട് ദശാബ്ദങ്ങൾ ഏകനായി പോരാടേണ്ടിവന്നു. ആറുമാസം കോടതിയിൽ കേസുനടത്തി. ക്രിമിനൽ ചാർജ്ജ്, ഭ്രഷ്ട് ഒക്കെ നേരിടേണ്ടിവന്നു. 'പരോപകാരി' പത്രമാസിക നടത്താൻ വീടു പണയംവെച്ചു. ഖുർആൻ പരിഭാഷ സ്നേഹം നടിച്ച കൈവശപ്പെടുത്തി തിരിച്ചുകൊടുക്കാതിരുന്നു. അറബി-മലയാള-സംസ്കൃത നിഘണ്ടു അടക്കം പല പുസ്തകങ്ങളുടേയും കൈയെഴുത്തുപ്രതി ഇതുപോലെ നഷ്ടമായി. പല പ്രതിസന്ധി ഘട്ടങ്ങളിലും തുണയായത് ഹിന്ദു സഹോദരന്മാരാണെന്ന് മക്തി തങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. ആഹാരംകൊടുത്തും പത്രമാസികകളും കൃതികളും പ്രസിദ്ധീകരിക്കാൻ സാമ്പത്തികസഹായംചെയ്തും കോടതി വ്യവഹാരങ്ങളിൽ നിന്നു മോചനംനേടാൻ സഹായിച്ചും അവർ പ്രതിസന്ധികളിൽ തങ്ങൾക്കു തുണയായി. തന്റെ പ്രയത്നങ്ങൾ അവസാനം ഫലം കണ്ടു തുടങ്ങിയതിന്റെ ചാരിതാർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. '27 വത്സരമായ ഇന്നുവരെ സഞ്ചാരിയാക്കി കേരളത്തിലെല്ലാം പ്രസംഗിപ്പിക്കുകയും എന്റെ പിൻകാലവും തുടർച്ചയായി നടന്നുവരത്തക്ക പിൻഗാമികളെ എഴുന്നേല്പിച്ചും കാണിയ്ക്കയും ചെയ്ത തമ്പുരാനെ സദാ സ്തുതിക്കുന്നു' (നാരീനരാഭിചാരി, പുറം-637).

'ദൈവകടാക്ഷംകൊണ്ടു ഇംഗ്ലീഷുഭാഷാഭ്യാസം വടക്കു ആരംഭിച്ചു. ഉയർന്ന പരീക്ഷകൾ ജയിച്ചവരെ ഇസ്ലാം സമൂഹത്തിൽ കാണാറായി. അവർ ആക്ഷേപിക്കപ്പെടുന്നു. ഏതായാലും ഇതാ തെക്കേ അറ്റത്തും

ഉത്സാഹികളെ കാണുന്നു. ലക്ഷണം ശുഭംതന്നെ. മലയാളലേഖനങ്ങൾ വായിക്കുന്നവരും എഴുതുന്നവരും ജനസമുദായത്തിലിറങ്ങി പ്രസംഗിക്കുന്നവരുമുണ്ടെന്നു കണ്ടുംകേട്ടും സന്തോഷിക്കുവാനുള്ള ഭാഗ്യം ഉണ്ടായി'. (മക്തി മനഃക്ലേശം, പുറം-700)

സയ്യിദ് സനാവുല്ലാഹ് മക്തി സഖാഫ് തങ്ങൾ തെളിച്ച വഴിയിലൂടെ സഞ്ചരിച്ച് മുസ്ലീം സമൂഹത്തിന്റെ ആധുനീകരണത്തിന് പിന്നീട് പരിശ്രമിച്ച നവോത്ഥാന നായകരാണ് വക്കം അബ്ദുൾ ഖാദർ മൗലവിയും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും മറ്റും.

## സഹായക ഗ്രന്ഥങ്ങൾ

1. മക്തിത്തങ്ങളുടെ സമ്പൂർണ്ണ കൃതികൾ, (സമ്പാദകൻ) കെ. കെ. മുഹമ്മദ് അബ്ദുൾ കരീം, വചനം ബുക്സ്, കോഴിക്കോട്. 2012.
2. മക്തിത്തങ്ങൾ - മാതൃഭാഷയുടെ പോരാളി, പി. പവിത്രൻ, മാതൃഭാഷയ്ക്കു വേണ്ടി യുള്ള സമരം, മലയാള ഐക്യവേദി, ചെറുതുരുത്തി. 2014.